# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6247 — 20.11.2019 ലെ മറുപടി

## 'കാവേരി പ്രോജക്ട് ഉദ്യോഗസ്ഥർ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ.ആർ.കേളു | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിൽ കാവേരി പ്രോജക്ടുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർ ആണ് നിലവിൽ ജോലി ചെയ്തു വരുന്നത്; | (എ) 32 |
| (ബി) ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) (പട്ടിക താഴെ) |

| | | |
|---|---|---|
| 1) | എക്സിക്യൂട്ടീവ് എഞ്ചിനീയർ | - 1 |
| 2) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - 1 |
| 3) | അസിസ്റ്റന്റ് എഞ്ചിനീയർ/ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | - 4 |
| 4) | ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 3 |
| 5) | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 5 |
| 6) | മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 2 |
| 7) | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | - 1 |
| 8) | ഹെഡ് ക്ലർക്ക് | - 2 |
| 9) | സീനിയർ ക്ലർക്ക് | - 1 |
| 10) | ക്ലർക്ക് | - 2 |
| 11) | ടൈപ്പിസ്റ്റ് | - 2 |
| 12) | ഓഫീസ് അറ്റൻഡന്റ് | - 4 |
| 13) | ഡ്രൈവർ | - 1 |
| 14) | നൈറ്റ് വാച്ച്മാൻ | - 1 |
| 15) | പാർട്ട് ടൈം സ്വീപ്പർ | - 2 |
| | ആകെ | 32 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രോജക്ട് ആരംഭിച്ചതു മുതൽ നാളിതു വരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമവിധി അനുസരിച്ച് കബനി നദീതടത്തിന് അനുവദിച്ച 21 ടി.എം.സി. ജലം സംഭരിക്കാനുതകുന്ന സാധ്യതാപഠനവും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനായി 2008 നവംബർ മാസത്തിൽ സുൽത്താൻ ബത്തേരിയിൽ കാവേരി ഡിവിഷൻ ഓഫീസ് നിലവിൽ വന്നു. ട്രൈബ്യൂണൽ അംഗീകരിച്ച 9 പദ്ധതികളിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കാരാപ്പുഴ, ബാണാസുര സാഗർ എന്നീ പദ്ധതികൾ ഒഴിച്ച് മറ്റ് ഏഴ് പദ്ധതികളായ കടമാൻതോട്, ചുണ്ടാലി, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ എന്നിവയ്ക്ക് അനുവദിച്ച ജലം വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ കാര്യാലയത്തിനു കീഴിൽ വരുന്നത്.<br><br>29/09/2016 ന് ISW ചീഫ് എഞ്ചിനീയറുടെ യോഗത്തിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക വഴി ട്രൈബ്യൂണൽ അനുവദിച്ച തന്നിട്ടുള്ള ജലസംഭരണം നടത്താൻ സാധിക്കുകയില്ല എന്നും മീഡിയം സൈസ് പ്രോജക്ടുകൾ ആയിരിക്കും അഭികാമ്യം എന്നും വിലയിരുത്തി. തുടർന്ന് പ്രസ്തുത പദ്ധതികൾ സമഗ്രമായി പരിശോധിക്കുകയും അനുവദിച്ച ജലം പരമാവധി വേഗത്തിൽ സംഭരിക്കുന്നതിനുവേണ്ടി മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്ത് കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളായ കടമാൻതോട് ജലസേചനപദ്ധതിയും തൊണ്ടാർ ജലസേചനപദ്ധതിയും പ്രാരംഭഘട്ടത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.<br><br>ജനപ്രതിനിധികളുടെയും ജനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തി എത്രയും പെട്ടെന്ന് പദ്ധതി പ്രാവർത്തികമാക്കുന്നതിനും തദ്ദേശവാസികളുടെ സഹകരണം ഉറപ്പിക്കുന്നതിനുമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പദ്ധതിപ്രദേശത്ത് യോഗങ്ങൾ നടത്തിയിട്ടുണ്ട്. |

കടമാൻതോട്, തൊണ്ടാർ ജലസേചന പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള താത്പര്യ പത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള 5 പദ്ധതികളുടെ (ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി, പെരിങ്ങോട്ടുപുഴ) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുമായി മുന്നോട്ടു പോകുന്നതിന്റെ ഭാഗമായി കരട് സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ